നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പി.ജി. കോഴ്സുകളുടെ ഒരു സെമസ്റ്റർ ഇൻഡസ്ട്രിയൽ പരിശീലനത്തിന് നൽകുക, industry affected question നൽകി വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുക, ടീച്ചേഴ്സിന്റെ ട്രെയിനിംഗ്, adjacent professorship, add on course എന്നിവയാണ് ഗവൺമെന്റ് എടുത്ത പ്രധാന തീരുമാനങ്ങൾ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രജിസ്ട്രാർമാർക്ക് കത്ത് അയച്ചുകഴിഞ്ഞു. ഇതിനെക്കുറിച്ച് ഗവൺമെന്റ് മോണിറ്റർ ചെയ്യുന്നുണ്ട്. യൂണിവേഴ്സിറ്റിയിൽ ഈ തീരുമാനങ്ങൾ എങ്ങനെയാണ് നടപ്പാക്കുന്നതെന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് വീണ്ടും ഒരു പീരിയോഡിക്കൽ റിവ്യൂ നടത്തുന്നതാണ്.

ഈടുകൂടാതെ ജില്ലാ സഹകരണ ബാങ്കിൽ നിന്നും നൽകിയ വിദ്യാഭ്യാസ വായ്പ

*2 [357] ശ്രീ പി. ജെ. ജോയി:
" വർക്കല കഹാർ:
" എം. എ. ചന്ദ്രശേഖരൻ:
" ബി. വിജയകുമാർ:
" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈടുകൂടാതെ വിദ്യാഭ്യാസ വായ്പകൾ നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതനുസരിച്ച് അവ എത്ര തുക ഈടില്ലാത്ത വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുണ്ട്;

(സി) ഇപ്രകാരം നൽകിയ തുക അവയുടെ ആകെയുള്ള നിക്ഷേപത്തിന്റെ എത്ര ശതമാനം വരുമെന്ന് പറയുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ,

(എ) നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഈടുകൂടാതെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 13.10 ലക്ഷം രൂപയും ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് രക്ഷാകർത്താക്കളുടെ ജാമ്യത്തിൽ 143.63 ലക്ഷം രൂപയും വിദ്യാഭ്യാസ വായ്പയായി നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് 0.01 ശതമാനവും ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് 0.43 ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് ഈടില്ലാതെ വിദ്യാഭ്യാസ വായ്പ കൊടുക്കാൻ നിർദ്ദേശം നൽകിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും, നാഷണലൈസ്ഡ് ബാങ്കുകളും എല്ലാം തന്നെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വളരെ ആശ്വാസം നൽകുന്ന രീതിയിൽ വിദ്യാഭ്യാസ രംഗത്ത് ലോൺ സംവിധാനം നടപ്പിലാക്കിയ സാഹചര്യത്തിൽ ഗവൺമെന്റ് ഇനിയെങ്കിലും എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും ഔദ്യോഗികമായി വിദ്യാഭ്യാസ ലോൺ നൽകുന്നതിന് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം. വി. രാഘവൻ: സാമ്പത്തികമായി കഴിവുള്ളവർ അതായത്, ഡെപ്പോസിറ്റ് ബാക്കിയുണ്ടെങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് കൊടുക്കാമെന്ന് സെൻട്രൽ ഗവൺമെന്റ് തന്നെ നിർദ്ദേശിച്ചതാണ്. ഇനിയും വേണമെങ്കിൽ നിർദ്ദേശം കൊടുക്കാം. ഇപ്പോൾ വിദ്യാഭ്യാസ വായ്പ എല്ലാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും കൊടുക്കുന്നുണ്ട്.

ശ്രീ. പി. ജെ. ജോയി: സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും കൊടുത്തതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; അതിന്റെ പലിശ അടക്കമുള്ള കാര്യങ്ങൾ വിശദമാക്കുമോ?

ശ്രീ. എം. വി. രാഘവൻ: 9 മുതൽ 11 ശതമാനം വരെ പലിശ നിരക്കിലാണ് കൊടുക്കുന്നത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് കൊടുക്കുന്നത് 9 ശതമാനം പലിശ നിരക്കിൽ 15 ലക്ഷം രൂപ വരെയാണ്. ദീർഘമേറിയ കാലം വരുമ്പോൾ ഒമ്പതര ശതമാനമായി മാറും. വിദേശത്ത് പഠനം നടത്തുന്നവർക്ക് 25 ലക്ഷം രൂപ വരെ കൊടുക്കുന്നുണ്ട്.

ശ്രീ. വർക്കല കഹാർ: സ്വകാര്യ വിദ്യാഭ്യാസത്തിനെതിരെ പടഹധ്വനി മുഴക്കിയ നമ്മൾ നമ്മുടെ മക്കളെ നല്ല സ്കൂളിലും കോളേജിലും ചേർത്ത് പഠിപ്പിക്കുന്നു. പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കണ്ടേ? വള്ളം ഊന്നുന്നവന്റേയും വണ്ടി വലിക്കുന്നവന്റേയും കയറു പിരിക്കുന്നവന്റേയും കശുവണ്ടിത്തൊഴിലാളികളുടേയും മക്കൾക്കും പഠിക്കാൻ അവസരം വേണം. അങ്ങനെയാണെങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് മാത്രമല്ല അർബൻ ബാങ്കുകൾക്കും ജില്ലാ സഹകരണ ശേഷിയുള്ള പ്രാഥമിക ബാങ്കുകൾക്കും ഇത്തരത്തിലുള്ള വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിക്കൂടെ?

ശ്രീ. എം. വി. രാഘവൻ: നിർദ്ദേശം നൽകുന്നതിന് കുഴപ്പമില്ല. ഇപ്പോൾത്തന്നെ നിർദ്ദേശമുണ്ട്. വേണ്ട നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: കുട്ടികൾക്ക് നല്ല സ്ഥാപനങ്ങളിൽ പഠിക്കാൻ അവസരം ഉണ്ടാക്കുക, വായ്പ ലഭ്യമാക്കുക, വായ്പയ്ക്ക് മിതമായ പലിശ ഉറപ്പുവരുത്തുക, തുടങ്ങിയവ സാമൂഹ്യ ബാധ്യതയാണ്. ഇതുകാരണം പലപ്പോഴും സ്ഥാപനങ്ങൾക്കുണ്ടാകുന്ന റിസ്ക്ക് കവർ ചെയ്യുന്നതിന് ഇൻഷ്വറൻസ്അധിഷ്ഠിത നടപടികൾ സ്വീകരിക്കാൻ ആലോചിച്ചുകൂടേ?

ശ്രീ. എം. വി. രാഘവൻ: ഇൻഷ്വറൻസിനെപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല. എല്ലാത്തിനും അങ്ങനെ ഇൻഷ്വറൻസ് കിട്ടുമോ എന്നുള്ളത് ആലോചിക്കേണ്ട പ്രശ്നമാണ്. ഏതായാലും വിദ്യാഭ്യാസ ലോൺ കൊടുക്കുന്നത് സഹകരണ രംഗത്തെ നയമായി അംഗീകരിച്ചിട്ടുണ്ട്. ഫണ്ടുള്ള ബാങ്കുകൾക്ക് കൊടുക്കാൻ ഇപ്പോൾത്തന്നെ നിർദ്ദേശമുണ്ട്. ഇനിയും വേണ്ട നിർദ്ദേശം കൊടുക്കും.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സ്വാശ്രയ കോളേജുകൾ ഇന്ന് കേരളത്തിലെ സാമൂഹ്യ രംഗത്തെ ഒരു വസ്തുതയാണെന്നുള്ള നിലയിൽ വന്നിരിക്കുകയാണ്. ഈ അവസരത്തിൽ സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസം ഇന്ന് അപ്രാപ്യമാകാതിരിക്കണമെങ്കിൽ ഈ രംഗത്ത് പ്രത്യേക നയം തന്നെ രൂപം കൊള്ളേണ്ടതുണ്ട്. ഇന്ന് കേവലം രണ്ട് ബാങ്കുകൾ മാത്രമാണ് വായ്പകൾ കൊടുക്കുന്നതെന്നാണ് മന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. വാസ്തവത്തിൽ ഇതിൽ വളരെ സങ്കടമുണ്ട്. ഗവൺമെന്റ് ഇക്കാര്യം കുറേക്കൂടി ഗൗരവമായി ചൂണ്ടിക്കാണിക്കുകയും സാധാരണക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസം ഇനിമേൽ കിട്ടണമെങ്കിൽ ഈ രംഗത്തേക്ക് ഗവൺമെന്റിന്റെ പുതിയ ഒരു നയം തന്നെ ഉണ്ടാകുകയും വേണം. എല്ലാ സഹകരണ ബാങ്കുകളുംവഴി ഈ രംഗത്ത് ഗവൺമെന്റിന്റെ വ്യക്തമായ ഒരു പോളിസിയുടെ അടിസ്ഥാനത്തിൽ സഹായം ഏർപ്പെടുത്താനുള്ള പദ്ധതി രൂപപ്പെടുത്തുമോ?

ശ്രീ. എം. വി. രാഘവൻ: ഞാൻ നേരത്തേതന്നെ പറഞ്ഞുകഴിഞ്ഞു, ഇപ്പോൾത്തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനിയും നിർദ്ദേശം കൊടുക്കാം.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: പല സ്ഥലങ്ങളിലും ഇന്നും വായ്പ കൊടുക്കുന്നുണ്ടെങ്കിലും അതിന് ഈടും മറ്റ് ജാമ്യ വ്യവസ്ഥകളും ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. രാഘവൻ: ഇപ്പോൾ സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് കൊടുക്കുന്ന വായ്പയ്ക്കുള്ള ഈട് രക്ഷകർത്താവും വിദ്യാർത്ഥിയുമാണ്. നാല് ലക്ഷത്തിനുമേലുള്ളതിന് ചില ജാമ്യങ്ങൾ വേണം.

ശ്രീ. പി. ടി. തോമസ്: ജില്ലാ ബാങ്കിനെ സംബന്ധിച്ചും, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ സംബന്ധിച്ചുമാണ് ഉത്തരമെങ്കിലും വിദ്യാഭ്യാസ ലോൺ എന്ന ഭാഗം മാത്രമെടുത്തുകൊണ്ട് ഒന്ന് രണ്ട് കാര്യങ്ങൾ പറയുകയാണ്. റിസർവ്

ബാങ്കും കേന്ദ്ര ഗവൺമെന്റും കാലാകാലങ്ങളിൽ വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിനെ സംബന്ധിച്ച് ശക്തമായ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇടുക്കി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇടുക്കിയിൽ ധാരാളം ലോൺ കൊടുത്തിട്ടുണ്ട്. അതിന് ഞാൻ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. പക്ഷെ യാതൊരു ഈടും വാങ്ങാതെ ലോണെടുക്കാൻ കിട്ടുകയെന്നുള്ളത് വിദ്യാർത്ഥികൾക്ക് ആശ്വാസമാണ്. ഇപ്പോൾ ഇവിടെ തെറ്റിദ്ധരിപ്പിക്കപ്പെട്ടുകൊണ്ട് പറഞ്ഞിരിക്കുന്ന കാര്യം റാങ്ക് ലിസ്റ്റിൽ മെറിറ്റിലുള്ള കുട്ടികൾക്ക് മാത്രമേ ഇത് കൊടുക്കാവൂ എന്ന് പറഞ്ഞിരിക്കുകയാണ് എന്നുള്ളതാണ്; അത് പറഞ്ഞ് പ്രചരിപ്പിച്ചിരിക്കുകയാണ്. എന്റെ ചോദ്യം റിസർവ്വ് ബാങ്കിന്റേയും കേന്ദ്ര ഗവൺമെന്റിന്റെയും നിർദ്ദേശാനുസരണം കുട്ടികൾക്ക് ലോൺ കൊടുക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുന്നതിന് താഴെത്തലത്തിലുള്ള ബാങ്കുകളെക്കൂടി ഉപയോഗപ്പെടുത്തിക്കൂടേ എന്നാണ്. അല്ലെങ്കിൽ നാട്ടിലെ കുട്ടികളും രക്ഷിതാക്കളും നശിച്ചു പോകും. ഇത് സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. എം. വി. രാഘവൻ:</u> റിസർവ്വ് ബാങ്കിന്റെ നിർദ്ദേശത്തെപ്പറ്റി അറിയില്ല. ഏതായാലും ശരി 13,000 കോടി രൂപ ഡെപ്പോസിറ്റുള്ള സഹകരണ മേഖലയിൽ കാർഷിക കടവും മറ്റുള്ള കടങ്ങളും കൊടുത്തുതീർക്കുന്നതിനിടയിലാണ് ഈ ലോണും കൂടി കൊടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്കിന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കിനും നാഷണലൈസ്ഡ് ബാങ്കിനുംകൂടി മൂവായിരം കോടി രൂപയുടെ ഡെപ്പോസിറ്റ് കേരളത്തിലുണ്ട്. അവർ ആവശ്യമായിട്ടുള്ള ഒരു നടപടിയും എടുക്കുന്നില്ല. ഇതിനാണ് റിസർവ്വ് ബാങ്ക് അവരെ നിർബന്ധിക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പി. ടി. തോമസ്:</u> ഇപ്പോൾ ഭവന വായ്പയ്ക്കാണെങ്കിലും കാർ വാങ്ങാനാണെങ്കിലും വളരെ കുറഞ്ഞ പലിശ നിരക്കിൽ ലോൺ കിട്ടും. അത് പ്രയോറിറ്റി സെക്ടറായി മാറ്റിക്കൊണ്ട് കുറഞ്ഞ നിരക്കിൽ വായ്പ കൊടുക്കുകയും തിരിച്ചടവിന്റെ കാലാവധി വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ കേരളത്തിൽ വന്നിരിക്കുന്ന പുതിയ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു കൊടുത്തിരിക്കുന്ന മേഖലയിലേയ്ക്ക് പാവപ്പെട്ട കുട്ടികൾക്ക് വരാൻ കഴിയൂ. റാങ്ക് കിട്ടുന്ന കുട്ടികളിൽ മഹാഭൂരിപക്ഷവും സാമ്പത്തികമായി നല്ല സ്ഥിതിയിലുള്ള വരാണ്. അതുകൊണ്ട് കാർ വായ്പയുടേയും ഭവന നിർമ്മാണ വായ്പയുടേയും ഇന്ററസ്റ്റ് വളരെ കുറയ്ക്കുകയും തിരിച്ചടവിന്റെ കാലാവധി വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ഇത് പരമാവധി പ്രയോജനപ്പെടുത്താൻ വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കണം. അതിനുവേണ്ടി സംസ്ഥാനതലത്തിൽ ബാങ്കുകളുടെ ഒരു യോഗം വിളിച്ചുകൂട്ടുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: സഹകരണ മേഖലയിലെ പണം സർക്കാരിന്റേതല്ല. മറ്റുള്ളവരിൽനിന്നും ഡെപ്പോസിറ്റ് വാങ്ങി മറ്റ് ചിലർക്ക് കടം കൊടുക്കുകയാണ്. ഏഴരയോ എട്ടോ ശതമാനത്തിന് വാങ്ങിയിട്ട് ഒരു ശതമാനം എങ്കിലും കൂട്ടി കൊടുക്കാൻ കഴിയില്ല. ഡ്രൗട്ടിന്റേയും ഫ്ളഡ്സിന്റേയും അതുപോലെ സുനാമിയുടേയും കാര്യത്തിൽ സഹകരണ മേഖല ധാരാളം സഹായം ചെയ്തിട്ടുണ്ട്. ഇനിയും സഹായം ചെയ്യാൻ അവർ സന്നദ്ധമാണ്. പക്ഷേ പലിശ ക്രമാതീതമായി കുറയ്ക്കണമെന്ന് പറയുന്നത് ഈ മേഖലയ്ക്ക് സാധിക്കില്ല. 4 ശതമാനം കുറച്ചത് സമീപകാലത്താണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: കോമേഴ്സ്യൽ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പയായി 7 ലക്ഷം രൂപവരെ നൽകണമെന്നുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമുണ്ട്. ഇപ്പോൾ എല്ലാ ബാങ്കുകളിൽനിന്നും വായ്പ നൽകുന്നില്ല. വായ്പ നൽകാത്ത സാഹചര്യത്തിൽ പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വളരെ പ്രയാസമുണ്ടാകുന്നു. അതുകൊണ്ട് സഹകരണ ബാങ്കിൽനിന്നും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ഗവൺമെന്റ് വ്യാപകമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: ഞാൻ നേരത്തെ പറഞ്ഞു, ഫണ്ടിന്റെ സ്ഥിതിയനുസരിച്ച് വിദ്യാഭ്യാസ വായ്പ നൽകാവുന്നതാണ് എന്ന്. ഇനിയും നിർദ്ദേശം കൊടുക്കാവുന്നതാണ്. പലിശ വീണ്ടും കുറയ്ക്കണമെന്ന് പറഞ്ഞാൽ സാധ്യമല്ല.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സാധാരണക്കാരായ ജനങ്ങളുടെ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ട് പഠനം ഇടയ്ക്ക് വച്ച് നിർത്തി പോകുകയാണ്. അവരെ സഹായിക്കാൻ യാതൊരു സംവിധാനവും ഇല്ലാത്ത സ്ഥിതിയാണ്. സംസ്ഥാന സർക്കാർ സ്ഥാപനം എന്ന നിലയ്ക്ക്കൂടി സഹകരണ മേഖലയിൽനിന്ന് കുറേക്കൂടി സഹായകരമായ നിലപാട് സ്വീകരിക്കുകയാണെങ്കിൽ മാത്രമേ സാധാരണക്കാരായ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ഉണ്ടാകുകയുള്ളൂ. അവർക്ക്കൂടി ലോൺ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. വി. രാഘവൻ: സഹകരണ മേഖല വിചാരിച്ചാൽ സാധാരണക്കാരും പാവപ്പെട്ടവരുമായിട്ടുള്ള വിദ്യാർത്ഥികൾക്ക് മുഴുവൻ ചുരുങ്ങിയ പലിശയ്ക്ക് പണം വായ്പ കൊടുത്ത് രക്ഷിക്കാൻ കഴിയില്ല. നാട്ടുകാരിൽനിന്ന് പലിശ കൊടുത്ത് വാങ്ങുന്ന പണം ചെറിയ ഒരു മാർഗ്ഗത്തിന് എസ്റ്റാബ്ലിഷ്മെന്റായി നിർവഹിക്കാൻ എടുത്തുകൊണ്ട് മാത്രമേ അവർക്ക് കൊടുക്കാൻ കഴിയുകയുള്ളൂ. എല്ലാ പാവപ്പെട്ടവരുടേയും സംരക്ഷണം സഹകരണ പ്രസ്ഥാനങ്ങൾക്ക് ഏറ്റെടുക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: സഹകരണ മേഖലയിലെ വിദ്യാഭ്യാസ ലോണിനെപ്പറ്റിയാണ് ചോദ്യം വന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം നമ്മുടെ നാട്ടിൽ പ്രമുഖമായിട്ടുള്ള സഹകാരി ബാങ്കുകളുണ്ട്. ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്കുമൊക്കെ ഒരുപാട് അഡ്വർടൈസ്മെന്റൊക്കെ കൊടുക്കുന്നുണ്ട്. ലിപ്സ്റ്റിക്ക് ബാങ്കെന്നാണ് ഇതിനെ പൊതുവെ അറിയപ്പെടുന്നത്. പക്ഷേ അവരുടെ അപ്രഖ്യാപിതമായിട്ടുള്ള നിബന്ധന രാഷ്ട്രീയക്കാർക്കും അതുപോലെ വക്കീലൻമാരുടെ കുടുംബങ്ങൾക്കും ലോൺ കൊടുക്കാൻ പാടില്ലെന്നുള്ളതാണ്. ഇത് സ്വന്തം അനുഭവത്തിൽനിന്ന് ഞാൻ പറയുന്നതാണ്. ബാങ്കിംഗ് അഡ്വൈസറി കമ്മിറ്റിയിൽത്തന്നെ ഉന്നയിച്ചിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇതിൽ നഗ്നമായിട്ടുള്ള വിവേചനമാണ് കാണിക്കുന്നത്. രാഷ്ട്രീയക്കാരുടെ കുട്ടികൾക്ക് കിട്ടിയില്ലെങ്കിൽ ഒരൊറ്റ പൈസപോലും എം.എൽ.എ.-മാരുടെ കുട്ടികൾക്കോ വക്കീലൻമാരുടെ വീടുകളിലോ ലോൺ കിട്ടില്ല. ഇക്കാര്യം ഗൗരവതരമായി ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോഴാണ് അങ്ങനെ ഒരു നിബന്ധനയുള്ളതായി എനിക്ക് മനസ്സിലാകുന്നത്. എനിക്ക് അതിനെപ്പറ്റി ഒരു വിവരവും കിട്ടിയിട്ടില്ല. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുമല്ല. അതിനെപ്പറ്റി കാര്യമായി അന്വേഷിച്ച് മറുപടി പറയാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: വിദ്യാഭ്യാസ വായ്പ കൂടുതലും ആവശ്യമായി വരുന്നത് സാധാരണക്കാരുടെ മക്കൾക്കാണ്. സഹകരണ ബാങ്കുകളിൽനിന്നും എന്തെങ്കിലും വായ്പ കിട്ടാൻ വേണ്ടിയുള്ള ഏറ്റവും വലിയ പ്രതിസന്ധി അവർക്ക് ആവശ്യമായ ഈട് കൊടുക്കുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ബാങ്ക് ബാലൻസുള്ളവരുടെ മക്കൾക്കാണ് ഇത് കൊടുക്കുന്നതെന്ന്. ദീർഘനാളത്തെ വിദ്യാഭ്യാസത്തിനുശേഷം തിരിച്ചെടുക്കണമെന്നുള്ള ബോണ്ട് വ്യവസ്ഥയിൽ സാധാരണക്കാർക്ക് വായ്പ കൊടുക്കാൻ സാധിക്കുന്ന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എം. വി. രാഘവൻ: ചെറിയ കടങ്ങൾ, അതായത് 4 ലക്ഷം രൂപ വരെയുള്ളത് ഒരു ബോണ്ട് പോലെ എഴുതി വാങ്ങിയാണ് കൊടുക്കുന്നത്. വലിയ കടങ്ങൾക്ക് (വിദേശ കടം 25 ലക്ഷം രൂപ, 15 ലക്ഷം രൂപ) വിദ്യാർത്ഥിയുടെയോ, രക്ഷിതാവിന്റെയോ ജാമ്യം വേണ്ടി വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ഇവിടെ വിദ്യാഭ്യാസ ലോണിന്റെ ആവശ്യകതയെക്കുറിച്ചാണ് രാവിലെ മുതൽ ചർച്ച നടക്കുന്നത്. ഇന്നത്തെ ചോദ്യോത്തരങ്ങൾ പരിശോധിച്ചാലും ഏതാണ്ട് 6 ചോദ്യങ്ങളും ഇതേ വിഷയം അടിസ്ഥാനമാക്കിയുള്ളതാണ് എന്ന് കാണാം. അപ്പോൾ അതിന്റെ ഗൗരവം ഗവണ്മെന്റ് ഉൾക്കൊണ്ടിട്ടുണ്ട് എന്നാണ് കരുതുന്നത്. ബഹുമാന്യനായ മന്ത്രി നൽകിയ മറുപടിയൊക്കെ ആ വിധത്തിലുള്ളതുതന്നെയാണ്. സഹകരണ ബാങ്കുകൾ വഴി നഷ്ടം കൂടാതെ എങ്ങനെ ലോൺ ലഭ്യമാക്കാൻ കഴിയും? സഹകരണ ബാങ്കുകളുടെ നഷ്ടം നികത്തിക്കൊടുക്കാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ കഴിയുമോ? ഏതായാലും ലോൺ ലഭ്യമാക്കാൻ കഴിയുകയെന്നുള്ളത് കേരളത്തിൽ ഏറ്റവും കൂടുതൽ ആവശ്യമായ സംഗതിയാണ്. അതോടൊപ്പംതന്നെ ശ്രീ. ടി. കെ. ബാലൻ ഇവിടെ ഉന്നയിച്ച ചോദ്യത്തിന് അങ്ങ് പറഞ്ഞത് അത്തരം ബാങ്കുകൾ ഗവണ്മെന്റ് നിയന്ത്രണത്തിലല്ല എന്നാണ്. ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി. തുടങ്ങിയവ ഇതുപോലുള്ള നീചമായ വ്യവസ്ഥയ്ക്ക് അനുസൃതമായി കേരളത്തിൽ തുടങ്ങുവാൻ അനുമതി കൊടുക്കാൻ പാടില്ല. ഗവണ്മെന്റ് അതിന്റെ ഗൗരവം ഉൾക്കൊണ്ട് അങ്ങ് തന്നെ മുൻകയ്യെടുത്ത് മുഖ്യമന്ത്രിയെക്കൊണ്ട് ഈ തലത്തിൽ ഒരു ചർച്ച നടത്തി ഇതുപോലുള്ള സ്ഥാപനങ്ങൾ കേരളത്തിൽ തുടങ്ങുവാൻ അനുവാദം കൊടുക്കാതിരിക്കത്തക്ക വിധത്തിലുള്ള തീരുമാനമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. വി. രാഘവൻ: സർ, ഐ. സി. ഐ. സി. ഐ. ബാങ്കിന്റെ നിബന്ധനയെപ്പറ്റി അന്വേഷിച്ച് ഗവണ്മെന്റ് വേണ്ട നടപടിയെടുക്കാം.

മി. സ്പീക്കർ: സഭയുടെ പൊതു വികാരം കണക്കിലെടുക്കുക.

ശ്രീ. എം. വി. രാഘവൻ: മറ്റേത് ഞാൻ നേരത്തെതന്നെ പറഞ്ഞു. എല്ലാ സൗജന്യങ്ങളും കൊടുത്താൽ സഹകരണ പ്രസ്ഥാനം പൂട്ടിപ്പോകും. പിന്നെ കിട്ടേണ്ട കടംപോലും കിട്ടുകയില്ല. ഒരു ശതമാനം മാർജിനേ ഇപ്പോൾ ഉള്ളൂ. 4 ശതമാനം പലിശ ഈ ഗവണ്മെന്റ് വന്നതിന് ശേഷമേ കൊടുക്കുന്നുള്ളൂ. എല്ലാ സൗജന്യങ്ങളും സഹകരണ പ്രസ്ഥാനം തന്നെ കൊടുത്താൽ സഹകരണ പ്രസ്ഥാനംതന്നെ പൂട്ടിപ്പോകുന്ന ഒരവസ്ഥയുണ്ടാകും.

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞ മറുപടി കേട്ടാൽ, അദ്ദേഹം ക്ഷോഭിക്കില്ല എന്ന് വിചാരിച്ചുകൊണ്ട് പറയുകയാണ്, അദ്ദേഹം മൈന്റ് അപ്ലൈ ചെയ്തുകൊണ്ടല്ല പറയുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. ഈട് കൂടാതെ വിദ്യാഭ്യാസ വായ്പകൾ നൽകണമെന്ന നിർദ്ദേശം ജില്ലാ സഹകരണ ബാങ്കിന് നൽകിയിട്ടില്ലായെന്ന് മന്ത്രി പറയുകയുണ്ടായി. അങ്ങനെ

പറയുന്നത് ശരിയല്ല. ജില്ലാ സഹകരണ ബാങ്കും, സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കും ബാങ്കിംഗ് റെഗുലേഷൻ ആക്ട്റിന്റെ പരിധിയിൽ വരുന്നതും റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതുമാണ്. റിസർവ് ബാങ്ക് അതിന്റെ റെഗുലേഷൻ ആക്ട്റിന്റെ പരിധിയിൽ വരുന്ന എല്ലാ ബാങ്കുകൾക്കും priority sector-ന് ഈട് വാങ്ങാൻ പാടില്ല എന്ന നിർദ്ദേശം പൊതുവായി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ബാങ്കിംഗ് അഡ്വൈസറി സംസ്ഥാനതല കമ്മിറ്റിയിൽ റിസർവ് ബാങ്കിന്റെ പ്രതിനിധി അക്കാര്യം പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ എല്ലാ ബാങ്കുകൾക്കും ഇപ്രകാരം നിർദ്ദേശം കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ? ചില ബാങ്കുകളിൽ റിസർവ് ബാങ്കിന്റെ മാനദണ്ഡം അംഗീകരിക്കുന്നതു കൊണ്ടാണ് ഈ ചോദ്യത്തിന്റെ 'ബി', 'സി' പിരിവുകളിലെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം വായ്പ നൽകാൻ തയ്യാറായത്. അതുകൊണ്ട് ബന്ധപ്പെട്ട ബാങ്കിന്റെ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെന്റിൽ വിളിച്ച് ഈട് നിർബന്ധമാക്കാതെ തന്നെ വായ്പ നൽകാനുള്ള പൊതുനയം സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് ആരായുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: അത് ഇപ്പോൾ പറയാൻ സാധിക്കില്ല. അതിനെപ്പറ്റി ആലോചിക്കണം. ഈടില്ലാതെ ഇപ്പോൾ വായ്പ കൊടുക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞു; ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടില്ലായെന്നാണ് മറുപടി പറഞ്ഞത്. അതുകൊണ്ട് ഈടില്ലാതെ വായ്പയില്ലെന്നല്ല. എസ്.ബി.ടി. ഈടില്ലാതെ 4 ലക്ഷം രൂപ വരെ വായ്പ കൊടുക്കുന്നുണ്ട്. അതിന് മേലുള്ളതിന് ഈട് നൽകണം. 4 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് ജാമ്യം നൽകിയാൽ മതി. അതുകൊണ്ട് ഒരു ഈടുമില്ലാതെ വൻകിട ലോണുകൾ കൊടുക്കണമെന്ന് പറയുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

സ്വാശ്രയ വിദ്യാഭ്യാസ നയം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി

*3 [358] ശ്രീ. പി. നാരായണൻ:
" ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എം. കുമാരൻ:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിനേയും നിയമങ്ങളേയും ധിക്കരിച്ചുകൊണ്ട് വിദ്യാർത്ഥി പ്രവേശനം നടത്തുന്നതും ഫീസ് ഘടന നിശ്ചയിക്കുന്നതുമായ സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റുകളുടെ സമീപനം കണക്കിലെടുത്ത് സ്വാശ്രയ വിദ്യാഭ്യാസ നയം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly